# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എടിഎസ് ആർ (പി11)1541/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 09/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എടിഎസ് ആർ (പി11)1541/23 തീയ്യതി: 09/11/2023

## തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 05-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 12-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-09-2023 | 12-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) എം.എൽ. അഗസ്റ്റിൻ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2) മീര.ടി., ഓഡിറ്റ് ഓഫീസർ
3) ജോമോൻ ഇ.കെ., അസി.ഓഡിറ്റ് ഓഫീസർ
4) സുമ വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
5) അനീറ്റ ഡൊമിനിക്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി.വി.സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷിപുദാസ്.കെ. | സെക്രട്ടറി | 01-04-2022 | 20-10-2022 |
| സാബിറ.കെ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-10-2022 | 30-11-2022 |
| ഷീജ.എൻ.വി. | സെക്രട്ടറി | 01-12-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റാഫി. ഇ.ടി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീനാഥ്. പി.ആർ. | അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്ജ്) | 15-10-2022 | 20-11-2022 |
| ശ്രീകല. വി.ആർ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്ജ്) | 21-11-2022 | 30-11-2022 |
| അരുൺ നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-12-2022 | 31-03-2023 |
| മനോജ്. കെ.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഷക്കീർ. ടി.വി. | വി.ഇ.ഒ. പുന്നയൂർ സർക്കിൾ | 01-04-2022 | 14-07-2022 |
| പ്രമോദ്. പി.ആർ. | വി.ഇ.ഒ. പുന്നയൂർ സർക്കിൾ | 15-07-2022 | 02-08-2022 |
| അരുൺ വിജയ് | വി.ഇ.ഒ. പുന്നയൂർ സർക്കിൾ | 03-08-2022 | 31-03-2023 |
| പ്രമോദ്. പി.ആർ. | വി.ഇ.ഒ. എടക്കഴിയൂർ സർക്കിൾ | 01-04-2022 | 14-11-2022 |
| അശ്വതി പ്രതാപ്. കെ. | വി.ഇ.ഒ. എടക്കഴിയൂർ സർക്കിൾ | 15-11-2022 | 25-12-2022 |
| അഞ്ജിത അശോക്. എം. | വി.ഇ.ഒ. എടക്കഴിയൂർ സർക്കിൾ | 26-12-2022 | 11-01-2023 |
| അരുൺ വിജയ് | വി.ഇ.ഒ. എടക്കഴിയൂർ സർക്കിൾ (ഇൻചാർജ്) | 12-01-2023 | 20-02-2023 |
| ജിൻസി. പി.വി. | വി.ഇ.ഒ. എടക്കഴിയൂർ സർക്കിൾ | 21-02-2022 | 31-03-2023 |
| ശ്രീമതി. സുല്യ. കെ. വി. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. രാഖി. എൻ. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ജ്യോതി. കെ.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2022 | 31-03-2023 |
| ശ്രീമതി. ശാന്ത. പി.വി. | ജി.എഫ്.യു.പി. സ്കൂൾ, മന്ദലാംകുന്ന് | 01-04-2022 | 31-05-2022 |
| ഷിപ്പ. ഇ.പി. | ജി.എഫ്.യു.പി. സ്കൂൾ, മന്ദലാംകുന്ന് | 01-06-2022 | 21-07-2022 |
| സുനിത മേപ്പുറത്ത് | ജി.എഫ്.യു.പി. സ്കൂൾ, മന്ദലാംകുന്ന് | 22-07-2022 | 31-03-2023 |
| രമ്യ. വി.എം. | കൃഷി ഓഫീസർ | 01-04-2022 | 28-07-2022 |
| സുമേഷ്. എസ്. | കൃഷി ഓഫീസർ | 29-07-2022 | 07-08-2022 |
| വിനേഷ് | കൃഷി ഓഫീസർ | 08-08-2022 | 31-03-2023 |
| ടോണി ജോസഫ് | ഫിഷറീസ് ഇൻസ്‌പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ.അനൂപ് എസ്.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 13-09-2022 |
| ഡോ.സനിത ടി.വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 14-09-2022 | 05-02-2023 |
| ഡോ.ശർുതി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 06-02-2023 | 31-03-2023 |
| ഡോ.മായ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 23-05-2022 |
| ദീപ സി.എൻ (അഡീഷണൽ ചാർജ്ജ്) | വെറ്ററിനറി സർജ്ജൻ | 24-05-2022 | 27-11-2022 |
| ഷമാൻ എസ് (അഡീഷണൽ ചാർജ്ജ്) | വെറ്ററിനറി സർജ്ജൻ | 28-11-2022 | 16-12-2022 |
| സിജി എസ് രാജ് (അഡീഷണൽ ചാർജ്ജ്) | വെറ്ററിനറി സർജ്ജൻ | 17-12-2022 | 24-12-2022 |
| രാഗേഷ് പി.ഡി | വെറ്ററിനറി സർജ്ജൻ | 25-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-3 |
| 5 | ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല | 1-1-5 |
| 7 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല | 1-1-6 |
| 8 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-7 |
| 9 | വസ്തു നികുതി-തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തു നികുതി -തൻവർഷം നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തു നികുതി-കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വസ്തു നികുതി-കുടിശ്ശിക നോൺ- റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ലൈബ്രറി സെസ്സ്-തുക വ്യത്യാസം പരിഹരിക്കേണ്ടതാണ് | 1-1-12 |
| 14 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-13 |
| 15 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | മുൻകൂർ തുക രജിസ്റ്ററിൽ രേഖപ്പെടുത്തി ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-15 |
| 17 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ACR എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-17 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-18 |
| 20 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-19 |
| 21 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-20 |
| 22 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ | 1-1-21 |

| | | |
|---|---|---|
| | സൂക്ഷിച്ചിട്ടില്ല | |
| 23 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-22 |
| 24 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-23 |
| 25 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-24 |
| 26 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-25 |
| 27 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-26 |
| 28 | വാർഷിക കണക്കുകളിലെ അസാധാരാണ രേഖപ്പെടുത്തലുകൾ | 1-1-27 |
| 29 | കഴിഞ്ഞ വർഷത്തെ ക്ലോസിംഗ് ബാലൻസ് ട്രയൽ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-28 |
| 30 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ മിച്ച തുക തെറ്റായി കണക്കാക്കി | 1-1-29 |
| 31 | Excess Of Income Over Expenditure - ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി | 1-1-30 |
| 32 | ബജറ്റ് | 1-2 |
| 33 | ഫണ്ട് വിനിയോഗം | 1-3 |
| 34 | പദ്ധതി അവലോകനം | 1-4 |
| 35 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 36 | ക്ഷേമപെൻഷനുകൾ | 1-6 |
| 37 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 38 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 39 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 40 | ഒരേ റോഡിനെ വ്യത്യസ്ത വീതിയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിശ്ചയിച്ചു | 1-10 |
| 41 | അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററും സഞ്ചയ യിൽ നിന്നുള്ള അനധികൃത കെട്ടിടങ്ങളുടെ റിപ്പോർട്ടും പൊരുത്തപ്പെടുന്നില്ല. | 1-11 |
| 42 | ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-12 |
| 43 | ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവ് ചെയ്തു കൊടുക്കൽ- രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-13 |
| 44 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങളെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം-പരിഹരിച്ചിട്ടില്ല | 1-14 |
| 45 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 46 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണത്തിൽ വൻവ്യത്യാസം | 1-16 |

| | | |
|---|---|---|
| 47 | ലേലം -മണ്ണിന്റെ അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-17 |
| 48 | പ്രവൃത്തി നിർവ്വഹിച്ച ഉദ്യോഗസ്ഥനെ തന്നെ ലേലത്തിന് ചുമതലപ്പെടുത്തി | 1-18 |
| 49 | ലേലം നടത്താത്ത മണ്ണിന്റെ വിവരം ലഭ്യമല്ല | 1-19 |
| 50 | ലേലം രജിസ്റ്റർ പൂർണ്ണമല്ല. | 1-20 |
| 51 | ദേശീയപാത 66വികസനം-നഷ്ട പരിഹാരത്തുക ലഭ്യമായിട്ടില്ല | 1-21 |
| 52 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി | 1-22 |
| 53 | ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. | 1-23 |
| 54 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം രശീതി നൽകാതെ പിരിച്ചെടുത്ത് അടവാക്കി. | 1-24 |
| 55 | തരിശ് നെൽകൃഷി വികസനം -ഗുണഭോക്തൃ വിഹിതം പൂർണമായി വിതരണം ചെയ്തിട്ടില്ല. | 1-25 |
| 56 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 57 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 58 | ഹോമിയോ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-28 |
| 59 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ലഭ്യമായിട്ടില്ല | 1-29 |
| 60 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി : വിനിയോഗ സാക്ഷ്യപത്രം ഹജരാക്കേണ്ടതാണ്. | 1-30 |
| 61 | പള്ളിതാഴം ലിങ്ക് റോഡ് കുടിവെള്ള പദ്ധതി: പ്രവൃത്തി നാളിതു വരെയായിട്ടും പൂർത്തിയായിട്ടില്ല. | 1-31 |
| 62 | ടെണ്ടറിനൊപ്പം സമർപ്പിച്ച ഇ.എം.ഡി. നിരക്കിലെ കുറവ് | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രികയുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പുന്നയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.07.2023 ലെ 4 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി: 09.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 4060867 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16465617 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | Other Co-operative Bank | 102100010002841 | ഏപ്രിൽ മുതൽ മാർച്ച് വരെ |
| 2 | Kerala Bank | 80015321807 | ഏപ്രിൽ മുതൽ മാർച്ച് വരെ |
| 3 | State Bank Of India | 10351821047 | ഏപ്രിൽ മുതൽ മാർച്ച് വരെ |
| 4 | State Bank Of India | 57008825896 | ഏപ്രിൽ മുതൽ മാർച്ച് വരെ |

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

### 1-1-4 ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് നം | റീകൺസീലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| SBI പുന്നയൂർ (37170813905) | 9547894 | 9579894 |

### 1-1-5 ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല

Other Co-operative Bank (102100010002841), State Bank Of India (40979690311), Kerala Bank (80015200281) എന്നീ അക്കൗണ്ടുകളുടെ മാത്രമാണ് ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമായുള്ളൂ. അതിനാൽ അവയുടെ മാത്രമേ 31.03.2023 ലെ നീക്കിയിരിപ്പ് പരിശോധിക്കാൻ സാധിച്ചിട്ടുള്ളൂ.

താഴെകൊടുത്തിരിക്കുന്ന ബാങ്കുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

| Code | Head | Amount (Rs.) |
|---|---|---|
| 450210101 | STATEBANKOFINDIA-(40979695966) | 167,521.00 |
| 450210101 | STATEBANKOFINDIA-(37170813905) | 9,579,894.00 |
| 450210101 | State Bank Of India-( 57008825896) | 2,749.00 |
| 450210101 | State Bank Of India-( 30387996299) | 327,218.00 |
| 450210101 | State Bank Of India-( 10351821047) | 515,118.00 |
| 450210104 | Sub Treasury Chavakkad-( 799013000000738) | -507,481.00 |
| 450210101 | IDBI BANK-( 0269104000240994) | 0.00 |

| | | |
|---|---|---|
| 450210101 | Kerala Bank-( 80015321807) | 4,332.00 |
| 450210101 | State Bank Of India- (10351807838) | 3,741.00 |
| 450210101 | FEDERALBANK- (18890100099658) | 935,380.00 |
| 450210201 | SUBTREASURY-(799011400003030) | 0.00 |
| 450210104 | Sub Treasury Chavakkad-(713061400000010) | 0.00 |

31.03.2023 ലെ നീക്കിയിരിപ്പ് പരിശോധിക്കാൻ സാധിക്കാത്തതിനാൽ മേൽ ബാങ്കുകളുടെ റീക്കൺസിലിയേഷൻ പത്രികയുടെ കൃത്യത ഉറപ്പാക്കാനായില്ല.

### 1-1-6 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക രസീത് നൽകി കണക്കിലെടുത്തില്ല

താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Credited By Bank" എന്ന ഇനത്തിലെ തുകയും കൂടി ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | Directly Credited By Bank |
|---|---|---|
| 1 | Federal Bank(18890100099658) | 22473 |
| 2 | Sub Treasury Chavakkad (799013000000738 | 760516 |
| 3 | State Bank Of India (37170813905) | 1190657 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

### 1-1-7 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

CFC Untied Basic Grant, CFC Tied Grant , Development Fund - General, Maintenance Fund - Road Assets, Maintenance Fund - Non-Road Assets എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നതിനും ഇടയാക്കി.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 55/23 Punnayur Gramapanchayath Edakkara Neelamkadavu Road Construction Of Drainage And Side Protection | XVFC/2022-23/P/24 Dtd 19.12.2022 | 849437 | 252110005 - Roads-Drainage Renovation | ഉചിതമായ ആസ്തി ശീർഷകം. | Development Fund - Central Finance Commission Grant - Tied Fund |
| 2 | 235/23 Punnayur GP Kajah Sahib Kunjadhu Sahib Road Drain Construction Ward | XVFC/2022-23/P/35 Dtd 03.03.2023 | 271284 | 252110005 - Roads-Drainage Renovation | ഉചിതമായ ആസ്തി ശീർഷകം | |

| | | | | | | |
|---|---|---|---|---|---|---|
| | 11 | | | | | |
| 3 | 91/23 Street Light Maintenance | XVFC/2022-23/P/26 Dtd 20.12.2022 | 427200 | 252100001-Streetlights-repair Of Streetlights | ഉചിതമായ ആസ്തി ശീർഷകം | Development Fund - Central Finance Commission Grant - Basic Grant |
| | | XVFC/2022-23/P/50 Dtd27.03.2023 | 287680 | 252100003-Streetlights-Street Lights, Maintenance And Purchase Of Related Equipments | | |
| 4 | 69/ 23 Punnayur GP Panchavadi Beach Road Maintenance Ward 13,14 | 42201332/ 28-03-2023 | 747,354 | 252110004-Roads-Concretting | ഉചിതമായ ആസ്തി ശീർഷകം | Maintenance Fund - Road Assets |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തികവർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income ” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്
(ഓഡിറ്റ് എൻക്വയറി നം. 16/12.09.2023)

## 1-1-8 വസ്തു നികുതി-തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം -റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3344347 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3328704<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,<br>ഷെഡ്യൂൾ ആർ.പി-45) |

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

1-1-9 വസ്തു നികുതി -തൻവർഷം നോൺ-റെസിഡൻഷ്യൽ -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

തൻവർഷം- നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2334773 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2306957<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

1-1-10 വസ്തു നികുതി-കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക -റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 732939 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 719746<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(296486+459247)/105*100 |

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

1-1-11 വസ്തു നികുതി-കുടിശ്ശിക നോൺ- റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക – നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 321171 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 320108<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(154770+181343)/105*100 |

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

1-1-12 ലൈബ്രറി സെസ്സ്-തുക വ്യത്യാസം പരിഹരിക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 554798/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 26419/- (554798/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 26754/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

1-1-13 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി

ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 385192 | 410164 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 86394 | 208903 |

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-14 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3) ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4) പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

6) ലൈബ്രറിരജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-15 മുൻകൂർ തുക രജിസ്റ്ററിൽ രേഖപ്പെടുത്തി ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Enterprenuers And Other Services | 39500 |

| | | | |
|---|---|---|---|
| 2 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax/inst /trad/prof | 58760 |

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-16 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))
2. ലേലം ഇനത്തിലുള്ള വരവുകളുടെ ഡിമാൻഡ് കളക്ഷൻ ബാലൻസ് വിവരങ്ങൾ വരവ് രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. തൊഴിൽ നികുതി-ട്രേഡേഴ്സ് രജിസ്റ്ററിൽ വാർഷികസംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023, 16/12.09.2023)

## 1-1-17 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ACR എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. മേൽ രജിസ്റ്ററുകൾ ഏതാനം വർഷങ്ങളായി എഴുതി സൂക്ഷിക്കുന്നില്ല. തൻമൂലം വാർഷിക കണക്കിലെ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-18 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-19 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 386 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം ഡിമാന്റ് (31.03.2023 ൽ) രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

“സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം

ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-20 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-21 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം “190000000-Prior Period Income, എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101- Prior Period Income-Property Tax | 15650 |
| 190100102 - Prior Period Income- Profession Tax-Institutions/Professionals/ Traders | 2500 |
| 190200401 - Prior Period Income- Other Incomes | 22761 |

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-22 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7 /2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-23 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.
31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ

ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 09/11.09.2023)

## 1-1-24 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-25 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|
| ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 1756652 | 450210101 | KERALA BANK – (80015200281) | 5973638 |
| 320200113 | Development Fund - Central Finance Commission Grant –Tied Fund | 4419872<br>ആകെ : 6176524 | | | |

2023-24 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 9/11.09.2023)

## 1-1-26 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള താഴെ ചേർത്തിരിക്കുന്ന പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | STATE BANK OF INDIA-(10351821047) | 515118 |
| 2 | 450210101 | STATE BANK OF INDIA- (10351807838) | 3741 |
| 3 | 450210101 | STATE BANK OF INDIA - (57008825896) | 2749 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

## 1-1-27 വാർഷിക കണക്കുകളിലെ അസാധാരാണ രേഖപ്പെടുത്തലുകൾ

1. വാർഷിക കണക്ക് B-17 പ്രകാരം 450210104 Sub Treasury Chavakkad (799013000000738) എന്ന അക്കൗണ്ടിലെ 31.3.2023 ലെ നീക്കിയിരുപ്പ് -507481 രൂപയാണ്. ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ബാലൻസ് വന്നതിന്റെ കാരണം വ്യക്തമല്ല.

2. I&E Schedule I-14(A) – 251140003 Housing – Individual Programmes- Land Purchase By The Individual For Home എന്ന ഇനത്തിൽ -50000 രൂപ (നെഗറ്റീവ് തുക) വന്നതിന്റെ കാരണം വ്യക്തമല്ല.

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-28 കഴിഞ്ഞ വർഷത്തെ ക്ലോസിംഗ് ബാലൻസ് ട്രയൽ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 9 പ്രകാരം 350200101 എന്ന ശീർഷകത്തിലെ Recoveries Payable-General Provident Fund ഇനത്തിൽ രേഖപ്പെടുത്തിയ തുക 22000/-രൂപയാണ്. എന്നാൽ 2022-23 ട്രയൽ ബാലൻസിലെ OB ആയി കിടക്കുന്നത് 14000/- രൂപയാണ്. വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമല്ല.

## 1-1-29 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ മിച്ച തുക തെറ്റായി കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 167020675 |
| ആകെ ചെലവ് (B)* | | 175260531.5 |
| മിച്ചം തുക C= A-B | | -8239856.5 |
| Prior Period Income (I-19) | 40911 | |
| Prior Period Expenditure (I-18) | 0 | |
| Net Difference Between Prior Period Income And Expenses ( D ) | | 40911 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -8198945.5 |

എന്നാൽ ഫോർമുല പ്രകാരം (I-18)- (I-19) എന്നും (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ D=40911 എന്നും E എന്നത് -8198945.5 ൽ നിന്നും 40911 കുറച്ചപ്പോൾ ലഭിച്ച -8280767.5 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.
*(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 40911 രൂപ ചേർത്തിട്ടുണ്ട്.എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-1-30 Excess Of Income Over Expenditure - ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി

31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടിയിരുന്നത് ശരിയായ -8198945.5 രൂപയായിരുന്നു.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -7297663 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | -8198945.5 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | -15496608.5 |

എന്നാൽ 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന

ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് -15418628.5 രൂപയാണ്.

(ഓഡിറ്റ് എൻക്വയറി നം. 9/11.09.2023)

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 21.03.2022 | 1(1) | 305531600 | 327858500 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 16.03.2023 | 1(1) | 275031600 | 288208500 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | | 0 | 39842000 | 39842000 | 36105046 | 3736954 |
| വികസനഫണ്ട്-എസ് സി പി | | 0 | 7310000 | 7310000 | 7310000 | 0 |
| വികസനഫണ്ട്-ടി എസ് പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | | 0 | 7812000 | 7812000 | 7754688 | 57312 |
| മെയിന്റനൻസ്-നോൺറോഡ് | | 0 | 10142000 | 10142000 | 10129491 | 12509 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | Bank | 2698128 | 9558000 | 12256128 | 7836256 | 4419872 |
| | Treasury | 0 | 2386569 | 2386569 | 187903 | 2198666 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | Bank | 1099851 | 6542934 | 7642785 | 5886133 | 1756652 |
| | Treasury | 0 | 536693 | 536693 | 137560 | 399133 |
| TSC | | 0 | 192000 | 192000 | 0 | 192000 |
| ICDS | | 210544 | 1153657 | 1364201 | 0 | 1364201 |
| Suchitwa Mission | | 4332638 | 0 | 4332638 | 1090799 | 3241839 |
| Keralolsavam | | 300 | 0 | 300 | 0 | 300 |
| Health Grant Towards Support For Diagnostic Infrastructure To The PHCs | | 0 | 269119 | 269119 | 101598 | 167521 |
| Health Grant Twards Conversion Of PHCs | | 0 | 135000 | 135000 | 63120 | 71790 |

| | | | | | |
|---|---|---|---|---|---|
| And Subcentres In To Health And Wellness Centres | | | | | |
| Grants For Specific Purposes -Other Government Agencies - Total Sanitation | 964690 | 32000 | 1026690 | 60000 | 936690 |

കുറിപ്പ് – 1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട് - എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ അവയുടെ വിശദാംശങ്ങൾ ചേർക്കാൻ കഴിഞ്ഞിട്ടില്ല.

3)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം വിവിധ ഏജൻസികളിൽ നിന്നും ഗ്രാന്റ് ലഭിച്ചതിൽ നീക്കിയിരിപ്പുണ്ട്. ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 205 | 194639413 | 198 | 90483043 | 46.5 | 96.58 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 746560 | 746560 | 431969 | 314591 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് + മെറ്റീരിയൽകോസ്റ്റ് | 0 | 23989501 | 23989501 | 23989501 | 0 |
| ആകെ | 0 | 24736061 | 24736061 | 24421470 | 314591 |

വാർഷിക കണക്കിലെ RP 40(a), RP-40(b) എന്നിവ പ്രകാരം MGNREGS അക്കൗണ്ടിൽ മുന്നിരിപ്പും നീക്കിയിരിപ്പും ഉണ്ട്. എന്നാൽ യഥാർത്ഥ ബാങ്ക് മുന്നിരിപ്പും നീക്കിയിരിപ്പും വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4-ലെ 320100128 ലെ ലെഡ്ജറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. 320100128 എന്ന ശീർഷകത്തിലെ ലെഡ്ജർ പ്രകാരമുള്ള ഭരണച്ചെലവുകളാണ് മേൽ ചേർത്തിട്ടുള്ളത്.

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2,308,200 | 210 |
| വിധവാ പെൻഷൻ | 18,609,500 | 1458 |
| വാർദ്ധക്യകാല പെൻഷൻ | 23,017,300 | 2016 |
| വികലാംഗ പെൻഷൻ | 5,090,600 | 452 |

| | | |
|---|---|---|
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 624,000 | 44 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180,000 | 6 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.09.2023 തീയതിയിൽ 4pm ന് സ്ഥാപന തലവനായ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25607/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിട്സ് പ്രകാരം കാണുന്നത്. 2022-23 സാമ്പത്തിക വർഷത്തെ നികുതി ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, ഡിമാന്റ് നോട്ടീസ് വിതരണം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും വസ്തുനികുതി ഒഴികെയുള്ള നികുതിയിനങ്ങൾ 100% പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. എന്നാൽ ആവശ്യമായ നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകി പിരിച്ചെടുക്കാനുള്ള നികുതിയുടെ ചുമതല ഓഫീസ് ഓർഡർ മുഖേന ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നികുതി കുടിശ്ശിക വിവരം അറിയിച്ച് നികുതി പിരിവിനുള്ള അവസരം ലഭ്യമാക്കാറുണ്ട്.

ബജറ്റും യഥാർത്ഥവരവുമായുള്ള താരതമ്യം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 90,00,000 | 90,00,000 | 58,15,256 |
| തൊഴിൽനികുതി | 17,00,000 | 17,00,000 | 10,56,390 |
| ലൈസൻസ് ഫീസ് | 4,00,000 | 4,00,000 | 1,55,450 |

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ്(%) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 33,77,185 | 34,23,011 | 1.01 | 169 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 26,85,633 | 23,92,285 | | |
| തൊഴിൽ നികുതി- | 3,07,400 | 2,09,350 | | |

| | | | |
|---|---|---|---|
| സ്ഥാപനങ്ങൾ, ട്രേഡേഴ്സ്, പ്രൊഫഷണൽസ് | | | |
| തൊഴിൽ നികുതി - ജീവനക്കാർ | 7,87,295 | 8,47,040 | 1.08 |
| FACTEOS ലൈസൻസ് | 60,850 | 1,55,450 | 2.55 |

വസ്തുനികുതി നോൺ റെസിഡൻഷ്യൽ, തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ്, പ്രൊഫഷണൽസ്, FACTEOS ലൈസൻസ് എന്നീ ഇനങ്ങളിൽ മുൻ വർഷത്തേക്കാൾ ഡിമാന്റ് കുറവാണ്.ഹൈവേ വികസനത്തിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള ധാരാളം സ്ഥാപനങ്ങൾ പൊളിച്ച് മാറ്റിയിട്ടുണ്ട്. ആയത് മേലിനങ്ങളിലെ ഡിമാന്റ്, കളക്ഷൻ കുറയാൻ കാരണമായിട്ടുണ്ട്. FACTEOS ലൈസൻസ് ന്റെ കളക്ഷൻ 94600 രൂപയാണ്. ആയത് ഡിമാന്റുമായി താരതമ്യം ചെയ്യുമ്പോൾ തുലോം കുറവാണ്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

25.04.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 3(1) പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ സ.ഉ(കൈ) നം. 77/2023/LSGD Dt. 22.03.2023 അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് പഞ്ചായത്ത് ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ അടിസ്ഥാന വസ്തുനികുതി നിരക്കിൽ നികുതി ഈടാക്കി വരുന്നു. പുതിയ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കുന്ന സമയത്ത് നികുതി പരിഷ്കരണം നടപ്പിൽ വരുത്തുമ്പോൾ പുതുക്കിയ നികുതി നടപ്പിലാക്കിയ തീയതി മുതലുള്ള കുടിശ്ശിക അടവാക്കുന്നതാണെന്ന സത്യവാങ്മൂലം വാങ്ങിക്കുന്നുണ്ട്.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

സേവന ഉപനികുതി

ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിക്കുന്ന സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്തിന് സേവന ഉപനികുതി ചുമത്താവുന്നതാണ്. ചട്ടം 27 ൽ സേവന ഉപനികുതി ചുമത്താവുന്ന ഇനങ്ങളും ചുമത്താവുന്ന ഏറ്റവും കുറഞ്ഞ നിരക്കുകളും വ്യക്തമാക്കിയിട്ടുണ്ട്.

| | |
|---|---|
| എ) ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പുചവറുകൾ, പക്ഷി മൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്ജ്യ വസ്തുക്കൾ തുടങ്ങിയ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ നാല് ശതമാനം |
| ബി) ജലവിതരണം (തെരുവ് ടാപ്പുകൾ | കെട്ടിടത്തിന്റെ |

| | |
|---|---|
| ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനത്തിന്റെ ചെലവുകൾക്ക്) | വസ്തുനികുതിയുടെ മൂന്ന് ശതമാനം |
| സി) തെരുവ് വിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതിയുടെ രണ്ട് ശതമാനം |
| ഡി) ഡ്രെയിനേജ് (അഴുക്ക് ചാൽ സംവിധാനം ഉൾപ്പെട്ടുയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ഒരു ശതമാനം |

2022-23 വർഷത്തെ ഇൻകം & എക്സ് പൻഡിച്ചർ പത്രിക പ്രകാരം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ശുചിത്വ പരിപാലനം എന്നീയിനങ്ങളിൽ ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

Electricity Charges For Street Lights -1,186,226

Water Charges For Kwa Street Taps - 810,924

Sanitation Expenses -201,000

മേൽ ചെലവുകൾ തൻവർഷ വസ്തുനികുതി ഡിമാന്റിന്റെ (34,23,011+ 23,92,285) 37.79% ആണ്. ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

<u>തൊഴിൽനികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-15 ലെ പരാമർശ പ്രകാരം തൊഴിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

<u>വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്</u>

ഗ്രാമപഞ്ചായത്തിലെ ആകെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണം പരിഗണിക്കുമ്പോൾ വൻവ്യത്യാസം കാണുന്നുണ്ട്. (ഖണ്ഡിക 1-16 കാണുക). ആയത് പരിശോധിക്കേണ്ടതും വരുമാന നഷ്ടം ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>ലേലം</u>

ലേല നടപടികളിൽ കൃത്യമായ നിരീക്ഷണത്തിന്റെ അഭാവം കാണുന്നു. ലേലം ഡയറി, ലേലം രജിസ്റ്റർ എന്നിവ പൂർണ്ണമല്ല (ഖണ്ഡിക 1-17, 1-18, 1-19, 1-20 കാണുക).

<u>മറ്റിനങ്ങൾ</u>

മനോഹരമായ കടൽ തീരങ്ങൾ, കനാലുകൾ എന്നിവയാൽ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച പുന്നയൂർ ഗ്രാമപഞ്ചായത്തിന് ടൂറിസം രംഗത്ത് വലിയ സാധ്യതകളുണ്ട്. ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ കുട്ടാടൻ പാടശേഖരം കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാനുള്ള പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. കടൽ തീരങ്ങൾ കേന്ദ്രീകരിച്ച് പഞ്ചായത്തിന് വരുമാനം ലഭ്യമാകുന്ന രീതിയിൽ പ്രകൃതി സൗഹൃദമായ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ സിസോ ഓഷ്യാനിക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറൈൻ വേൾഡ് എന്ന പേരിലുള്ള മറൈൻ അക്വേറിയം പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് അമ്യൂസ്മെന്റ് പാർക്ക് ഗണത്തിലാണ് സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടുള്ളത്. 350 രൂപ വീതം പ്രവേശന ഫീസ് ഈടാക്കുന്ന സ്ഥാപനത്തിൽ നിന്ന് വിനോദ നികുതി ഈടാക്കാനുള്ള സാധ്യത പരിശോധിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലൂടെയും എക്സ്പ്രസ് ഹൈവേ കടന്നു പോകുന്നുണ്ട്. എക്സ്പ്രസ് ഹൈവേ പദ്ധതി പൂർത്തിയാകുമ്പോൾ വൻ വികസന സാധ്യതകളാണ് പഞ്ചായത്തിനുള്ളത്.ആയത്

പ്രയോജനപ്രദമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 ഒരേ റോഡിനെ വ്യത്യസ്ത വീതിയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിശ്ചയിച്ചു

പഞ്ചായത്തിലെ ഒരേ റോഡിനെ വ്യത്യസ്ത വീതിയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിശ്ചയിച്ചതിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | റോഡിന്റെ പേര് | സഞ്ചയ പ്രകാരം റോഡിന്റെ വീതി |
|---|---|---|
| 2/318എ | എടക്കര പി.ഡബ്ല്യു.ഡി റോഡ് | 1.5 മീറ്ററോ അതിൽ കൂടുതലോ |
| 2/243എ, 2/268ബി, 2/84 ബി, 2/277എൽ, 2/277എം, 2/426സി, 2/426ഡി, 2/426ഇ, 2/289 ബി | എടക്കര പി.ഡബ്ല്യു.ഡി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതി |
| 6/ 191എ,6/ 284എ,6/ 154ബി,6/ 154 സി,6/ 245സി | മല്ലാട് പുന്നയൂർ പി.ഡബ്ല്യു.ഡി റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതി |
| 6/ 40ബി | മല്ലാട് പുന്നയൂർ പി.ഡബ്ല്യു. ഡി റോഡ് | 1.5 മീറ്ററോ അതിൽ കൂടുതലോ |
| 16/ 458എ,116/361എ,16 /406എ, 16/ 445എ | നാലാം കല്ല് ബീച്ച് റോഡ് | 1.5 മീറ്ററോ അതിൽ കൂടുതലോ വീതി |
| 16/ 289ബി, 15/ 37എ, 15/12ബി, 15/16ബി | നാലാം കല്ല് ബീച്ച് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ |
| 17/ 67എ,17/ 134സി,17/ 121എഫ്, 17/ 65എ17/ 317 ബി | അഞ്ചാം കല്ല് റോഡ് | 1.5 മീറ്ററോ അതിൽ കൂടുതലോ |
| 17/ 134സി,17/ 97ബി,17/ 114ഇ,17/ 114എഫ് | അഞ്ചാം കല്ല് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3തീയതി 05/09/2023) മറുപടി

ലഭ്യമാക്കിയില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ റോഡിന്റെ യഥാർത്ഥ വീതി രേഖപ്പെടുത്തി നികുതി നിർണ്ണയം കൃത്യമാക്കേണ്ടതാണ് .

## 1-11 അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററും സഞ്ചയ യിൽ നിന്നുള്ള അനധികൃത കെട്ടിടങ്ങളുടെ റിപ്പോർട്ടും പൊരുത്തപ്പെടുന്നില്ല.

സഞ്ചയ യിൽ നിന്നുള്ള അനധികൃത കെട്ടിടങ്ങളുടെ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിൽ 44 അനധികൃത കെട്ടിടങ്ങൾ ആണുള്ളത്. എന്നാൽ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം 51 കെട്ടിടങ്ങൾ ആണുള്ളത്. സഞ്ചയ റിപ്പോർട്ടും അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററും താരതമ്യം ചെയ്തപ്പോൾ ചില കെട്ടിടങ്ങൾ സഞ്ചയ യിൽ ഉൾപ്പെടുകയും രജിസ്റ്ററിൽ ഉൾപ്പെടാതെ പോകുകയും ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടും സഞ്ചയ യിൽ ഉൾപ്പെടാതെയുള്ള കെട്ടിടങ്ങളും കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(I) സഞ്ചയ യിൽ ഉൾപ്പെട്ടതും എന്നാൽ രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ കെട്ടിടങ്ങൾ:-

1/256B, 3/427A, 9/536AUA, 11/1UA, 11/17A(UA), 11/27UA, 11/44UA, 11/66UA, 11/70UA, 11/75UA, 14/38BUA, 14/475UA, 15/203A(UA), 15/203B(UA), 15/203C(UA), 16/433UA, 19/124A(UA) എന്നീ കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളുടെ സഞ്ചയ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(Ii) അനധികൃത കെട്ടിട രജിസ്റ്ററിൽ ഉൾപ്പെട്ടതും എന്നാൽ സഞ്ചയ യിൽ ഉൾപ്പെടാത്തതുമായ കെട്ടിടങ്ങൾ:-

1/135AUA, 9/375AUA, 11/62BUA, 12/550AUA, 14/454AUA, 14/456AUA, 14/476BUA, 16/425AUA, 16/435CUA, 16/435DUA, 16/435EUA, 16/436AUA, 18/1AUA, 18/3AUA, 18/216AUA എന്നീ കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അനധികൃത കെട്ടിടങ്ങളുടെ സഞ്ചയ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19തീയതി 12/09/2023)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1/135AUA, 9/375AUA, 8/1AUA, 18/3AUA, 18/216AUA എന്നീ കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും 11/62BUA, 12/550AUA, 14/454AUA, 14/456AUA, 14/476BUA, 16/425AUA, 16/435CUA, 16/435DUA, 16/435EUA, 16/436AUA, 18/1AUA എന്നീ കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിൽ കണ്ടെത്താത്തതിനാൽ പൊളിച്ചു നീക്കിയിരിക്കാമെന്നമാണ് മറുപടി നൽകിയത്.

അനധികൃത നിർമ്മാണങ്ങളുടെ കാര്യത്തിൽ കൃത്യമായ നിരീക്ഷണം ഉണ്ടാകേണ്ടതും ചട്ടപ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്. അനധികൃത കെട്ടിടങ്ങളായി രജിസ്റ്ററിൽ രേഖപ്പെടുത്തപ്പെട്ട കെട്ടിടങ്ങൾ സഞ്ചയ യിൽ അനധികൃത കെട്ടിടങ്ങളായി ഉൾപ്പെടുത്താത്തത് പരിശോധിക്കേണ്ടതും അപ്രകാരമുള്ള കെട്ടിടങ്ങൾ വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവായിട്ടുണ്ടെങ്കിൽ വസ്തുനികുതകുടിശ്ശികസഹിതംഈടാക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളേണ്ടതുമാണ്.

## 1-12 ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വാർഡ് 9 എടക്കഴിയൂർ ലെ ഒരു കെട്ടിടത്തിന്റെ സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റ ലോക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഒഴിവായി കിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവ് ചെയ്ത് കൊടുക്കൽ- രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 21(3) പ്രകാരം ഒഴിവായിക്കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് ചെയ്ത് കൊടുക്കുന്നത് സംബന്ധിച്ച് ഫാറം-11 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ചട്ടപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-14 ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങളെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം-പരിഹരിച്ചിട്ടില്ല

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2021-22 ഓഡിറ്റ് റിപ്പോർട്ടിലെ ഖ. 1-16 ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ, കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ എന്നിവയോടു കൂടി പ്രവർത്തിക്കുന്ന രാജ എക്കോബീച്ച്

ആയുർവേദ ഹോസ്പിറ്റൽ, രാജ ബീച്ച് ആയുർവേദ ഹോസ്പിറ്റൽ യൂണിറ്റ്, രാജ എക്കോബീച്ച് യൂണിറ്റ് ഓഫ് കാജാ എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ 'ആയുർവേദ സുഖചികിത്സ കേന്ദ്രം' എന്ന ഗണത്തിൽ ഉൾപ്പെടുത്താതെ 'റിസോർട്ട്' എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതു മൂലം നികുതി നഷ്ടം ഉണ്ടായതായി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ രാജ എക്കോബീച്ച് യൂണിറ്റ് -1 കാന്റീൻ 17/7 എ എന്ന കെട്ടിടത്തെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് നൽകിയതായും പരാമർശിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ നാളിതു വരെ നടപടിയെടുത്തിട്ടില്ല. അപാകത പരിഹരിച്ച് നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.2/04.09.23)

## 1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) കേരള പഞ്ചായത്ത രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്ത 76 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 300 രൂപ മുതൽ 2000 രൂപ വരെ ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങൾ മേൽ പറഞ്ഞവയിൽ ഉൾപ്പെട്ടിട്ടുണ്ട്. ലൈസൻസ് അനുവദിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ടെങ്കിലും അടവാക്കിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2.മന്ദലാംകുന്ന് പോസ്റ്റ് ഓഫീസ് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.സെൻട്രൽ ഗവൺമെന്റ് സ്ഥാപനങ്ങൾ (ബി.എസ്.എൻ.എൽ പോസ്റ്റ് ഓഫീസുകൾ), ബാങ്കുകൾ എന്നിവയിൽ നിന്നും ഇൻസ്റ്റിറ്റ്യൂഷൻ ടാക്സ് ഈടാക്കിയിട്ടില്ല.

4. സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, എന്നി വരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.
തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11തീയതി 11/09/2023)

## 1-16 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണത്തിൽ വൻവ്യത്യാസം

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെയും സഞ്ചയ റിപ്പോർട്ടുകൾ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളും ട്രേഡേഴ്സ് ലിസ്റ്റിലെ കെട്ടിടങ്ങളുടെയും വാർഡ് തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | സഞ്ചയ പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം | ട്രേഡേഴ്സ് ലിസ്റ്റിലെ കെട്ടിടങ്ങളുടെ എണ്ണം. |
|---|---|---|
| 1 | 56 | 6 |
| 2 | 74 | 7 |
| 3 | 53 | 6 |
| 4 | 25 | 2 |
| 5 | 70 | 10 |
| 6 | 40 | 7 |
| 7 | 77 | 17 |

| | | |
|---|---|---|
| 8 | 85 | 20 |
| 9 | 97 | 18 |
| 10 | 129 | 28 |
| 11 | 24 | 2 |
| 12 | 54 | 8 |
| 13 | 182 | 33 |
| 14 | 38 | 8 |
| 15 | 124 | 15 |
| 16 | 108 | 13 |
| 17 | 67 | 12 |
| 18 | 76 | 6 |
| 19 | 68 | 5 |
| 20 | 27 | 6 |
| ആകെ | 1474 | 229 |

ലൈസൻസ് രജിസ്റ്റർ പ്രകാരം 236 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ആകെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് അനുവദിക്കപ്പെട്ട വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ ഗണ്യമായ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

ഓരോ വാർഡിലെയും വാണിജ്യ കെട്ടിടങ്ങൾ എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കുകയും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നത് ലൈസൻസ് എടുക്കുന്നത് നിരീക്ഷിക്കാൻ സഹായകരമാകും. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഫീൽഡ് സന്ദർശനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം.11/11.09.23)

## 1-17 ലേലം -മണ്ണിന്റെ അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു.

വിവിധ പ്രവർത്തികളിൽ നിന്നും ലഭ്യമായ മണ്ണ് ലേലം ചെയ്തതിൽ അസി.എഞ്ചിനീയർ കത്ത് മുഖേന (കത്ത് നം.02/SA/AE/LSGD/PNR/21-22 തീ.11.04.2022) അറിയിച്ച മണ്ണിന്റെ അളവും ലേലം നോട്ടീസിൽ രേഖപ്പെടുത്തിയ മണ്ണിന്റെ അളവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം./പ്രവൃത്തിയുടെ പേര് | അസി.എഞ്ചിനീയർ കത്ത് മുഖേന അറിയിച്ച മണ്ണിന്റെ അളവ് | ലേലം നോട്ടീസിൽ രേഖപ്പെടുത്തിയ മണ്ണിന്റെ അളവ് |
|---|---|---|
| 111/22 ആറാം കല്ല് ബീച്ച് റോഡ് കാന നിർമ്മാണം | 109.38എം$^3$ | 87.5എം$^3$ (ലേലം നടന്നിട്ടില്ല) |
| 112/22 ജിലാനി പള്ളി റോഡ് കാന നിർമ്മാണം | 254.26എം$^3$ | 216.12എം$^3$ |
| 222/22കാജാ സാഹിബ് കുഞ്ഞുസാഹിബ് റോഡ് നവീകരണം | 86.06എം$^3$ | 60.24എം$^3$ |
| 229/22എ.കെ.എം റോഡ് കാന | 58.14എം$^3$ | 52.33എം$^3$ |

| | | |
|---|---|---|
| നിർമ്മാണം | | |
| 243/22ഒറ്റയിനി ബീച്ച് റോഡ് കാന നിർമ്മാണം | 55.72എം$^3$ | 44.62എം$^3$ (ലേലം നടക്കാത്തതിനാൽ 09.12.2022 ലെ 5/1 തീരുമാന പ്രകാരം മറ്റ് പ്രവൃത്തിക്കായി വിനിയോഗിച്ചു) |

ആകെ കുഴിച്ചെടുത്ത മണ്ണിന്റെ അളവിൽ നിന്നും ഉപയോഗയോഗ്യമല്ലാത്തതും ബേം ഫില്ലിങ്ങിന് ഉപയോഗിച്ച മണ്ണിന്റെ അളവ് കുറച്ച ശേഷം എം ബുക്കിൽ രേഖപ്പെടുത്തിയ മണ്ണിന്റെ അളവും ലേലം നോട്ടീസിലെ മണ്ണിന്റെ അളവും തമ്മിൽ വ്യത്യാസമില്ലെന്നും ആകെ കുഴിച്ചെടുത്ത മണ്ണിന്റെ അളവ് തെറ്റായി സെക്രട്ടറിക്ക് നൽകിയതാണെന്നും അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട് .അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8തീയതി 11/09/2023)

## 1-18 പ്രവൃത്തി നിർവ്വഹിച്ച ഉദ്യോഗസ്ഥനെ തന്നെ ലേലത്തിന് ചുമതലപ്പെടുത്തി

വിവിധ പ്രവർത്തികളിൽ നിന്നും ലഭ്യമായ മണ്ണ് ലേലം ചെയ്യുന്നതിനായി 07.04.2022 ലെ ഭരണ സമിതി തീരുമാനം നം.6/1 പ്രകാരം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ലേല നടപടികൾ അസി.എഞ്ചിനീയർ നിർവ്വഹിക്കുകയും ചെയ്തു. ഓരോ പ്രവൃത്തിയുടെയും ലഭ്യമായ മണ്ണിന്റെ അളവ്, മണ്ണിന്റെ മൂല്യം, മണ്ണ് എവിടെ കൂട്ടിയിരിക്കുന്നു എന്നുള്ള വിശദാംശങ്ങൾ അസി.എഞ്ചിനീയറുടെ എ3-1214/2022 നം കത്തിൽ ലഭ്യമല്ലെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചതിനാലാണ് മേൽ തീരുമാനം കൈകൊണ്ടത്. അസി.എഞ്ചിനീയറുടെ 11.04.2022 ലെ 02/SA/AE/LSGD/PNR/21-22 നം കത്ത് പ്രകാരം മണ്ണിന്റെ അളവും, മൂല്യവും നിർണ്ണയിച്ച് സെക്രട്ടറിക്ക് ലഭ്യമാക്കിയിരുന്നു. മേൽ സാഹചര്യത്തിൽ തീരുമാനം പുന:പരിശോധിക്കാതെ ലേല നടപടികൾ തുടരുകയാണ് ചെയ്തത്. നിർവ്വഹണോദ്യോഗസ്ഥനെ തന്നെ ലേല നടപടികൾക്ക് ചുമതലപ്പെടുത്തിയത് ശരിയായ നടപടിയല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ലേലം നടത്താത്ത മണ്ണിന്റെ വിവരം ലഭ്യമല്ല

ആറാം കല്ല് ബീച്ച് റോഡ് കാന നിർമ്മാണം പ്രവൃത്തിയിൽ നിന്നുള്ള 109.38എം$^3$ (ലേലം നോട്ടീസ് പ്രകാരം 87.5എം$^3$) മണ്ണിന്റെ ലേലം നടന്നിട്ടില്ല. മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 8തീയതി 11/09/2023)

## 1-20 ലേലം രജിസ്റ്റർ പൂർണ്ണമല്ല.

2022-23 വർഷം നടന്ന താഴെ പറയുന്ന ലേലങ്ങളുടെ വിവരം ലേലം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1.എടക്കര നീലം കടവ് റോഡ് നവീകരണ പ്രവൃത്തിയിലെ മണ്ണ് ലേലം

ലേല തുക:25000രൂപ ലേല തീയതി.20.05.22
തുക അടവാക്കിയ രശീതി നം.1220100593 തീ.20.05.2022

2.മഹീന്ദ്ര ബോലേറോ ജീപ്പ് (KL-46B-4659) ലേലം

ലേല തുക:108000രൂപ ലേല തീയതി.16.12.22
തുക അടവാക്കിയ രശീത് നമ്പറുകൾ:-
1.രശീതി നം.1220103693 തീ.17.12.2022 തുക:5000
2.രശീതി നം.1220103694 തീ.17.12.2022 തുക:54000
3.രശീതി നം.1220104112 തീ.03.01.2023 തുക:49000

2022-23 വർഷത്തെ മുഴുവൻ ലേലങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം എഴുതി ലേലം രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്.

## 1-21 ദേശീയപാത 66വികസനം-നഷ്ട പരിഹാരത്തുക ലഭ്യമായിട്ടില്ല

ഫയൽ നം-sc3-89/22

ദേശീയപാത 66വികസനത്തിന്റെ ഭാഗമായി പുന്നയൂർ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള എടക്കഴിയൂർ വില്ലേജ് സർവേ 132/1 ൽ ഉൾപ്പെട്ട സ്ഥലം (കുടുംബാരോഗ്യ കേന്ദ്രം, പുന്നയൂർ) ഹൈവേ അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതും, ആയതിന്റെ നഷ്ട പരിഹാര തുക കൈമാറുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് 4(LA)NH-17) കൊടുങ്ങല്ലൂർ ആവശ്യപ്പെട്ടിരുന്നെങ്കിലും വസ്തുവിന്റെ അസ്സൽ ആധാരം ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാകാത്തതിനാൽ ആയത് സമർപ്പിക്കുന്നതിന് സാധിച്ചിരുന്നില്ല എന്നും ഫയൽ പരിശോധിച്ചതിൽ കാണുന്നു.(16-1-23ലെ 7(1)നം ഭരണ സമിതി തീരുമാനം)

പ്രസ്തുത സ്ഥലത്തിന് (ടാങ്ക്,മരങ്ങൾ,കെട്ടിടങ്ങൾ ഉൾപ്പെടെ) ഹൈവേ അതോറിറ്റിയിൽ നിന്ന് നഷ്ട പരിഹാര തുക കണക്കാക്കി 1,14,74,745.60(ഒരു കോടി പതിനാല് ലക്ഷത്തിഎഴുപത്തിനാലായിരത്തി എഴുന്നൂറ്റി നാൽപത്തി അഞ്ച് രൂപ അറുപതു പൈസ) നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക പഞ്ചായത്തിന് കൈമാറുന്നതിന് മതിയായ രേഖകൾ (വസ്തുവിന്റെ അസ്സൽആധാരം ഉൾപ്പെടെയുള്ളവ) ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മേൽ തുക 0075 Miscellaneous General Service-00-800-85- എന്ന ഹെഡ്ഡിൽ ഹൈവേ അതോറിറ്റി ട്രഷറിയിൽ അടവാക്കിയിട്ടുള്ളതാണ് എന്ന് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) കത്ത് നം-E2/EDA/004780/2021/10-2-23) മുഖേന തൃശ്ശൂർ ജില്ല കളക്ടറെ അറിയിച്ചതായും, പകർപ്പ് പഞ്ചായത്തിന് നൽകിയതായും ഫയൽ പരിശോധിച്ചതിൽ കാണുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി, പഞ്ചായത്തിന് തുക ലഭ്യമാകുന്ന മുറക്ക് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 23/12-9-23)

## 1-22 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള വിവരങ്ങൾ, സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | മാമുണ്ണി | 107150200876 | വാർദ്ധക്യകാല പെൻഷൻ | 30.08.2022 | 165/2022 30.10.2022 | ആക്ടീവ് | 09/2022-04/2023 | 1600 | 12800 | 12800 |
| 2 | മണി | 107150600623 | വിധവ പെൻഷൻ | 15.09.2022 | 161/2022 28.10.2022 | ആക്ടീവ് | 10/2022-06/2023 | 1600 | 14400 | 14400 |
| 3 | അഷ്റഫ് | 107160202380 | വാർദ്ധക്യകാല പെൻഷൻ | 20.09.2022 | 154/22 20.09.2022 | ആക്ടീവ് | 10/2022-06/2023 | 1600 | 14400 | 14400 |
| 4 | ഫാത്തിമ | 107150600524 | വിധവ പെൻഷൻ | 24.10.2022 | 175/2022 28.11.2022 | ആക്ടീവ് | 12/2022-06/2023 | 1600 | 11200 | 11200 |
| 5 | പാത്തുമ്മ ഖാദർ | 107150200575 | വാർദ്ധക്യകാല പെൻഷൻ | 11.11.2022 | 181/2022 21.12.2022 | ആക്ടീവ് | 12/2022-06/2023 | 1600 | 11200 | 11200 |
| 6 | പാത്തുമ്മ കെ.പി. | 2220175923 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ്, Agricultural | 26.10.2022 | 185/2022 28.12.2022 | ആക്ടീവ് | 11/2022-04/2023 | 1600 | 9600 | 9600 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | Office Perumpadappa | | | | | | | |
| ആകെ അധികം നൽകിയ തുക | | | | | | | | | | 73600 |

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി/ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തത് മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. പുന്നയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും പുന്നയൂർ ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ 73600/- രൂപ എത്രയും വേഗം തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
തൻവർഷം മരണമടഞ്ഞ മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ പരിശോധിച്ച് അനർഹമായി തുക കൈമാറിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/12.09.2023)

## 1-23 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

പുന്നയൂർ പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ നം.123/22-23 ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകൽ (അടങ്കൽ -2,32,000ചെലവ് – 2,27,885) എന്ന പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ താഴെ പറയുന്നു.
2-7-21 തിയ്യതിയിലെ സ.ഉ.(ആർ.ടി.)നം.1250/ത.സ്വ.ഭ.വ. പ്രകാരം ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുമ്പോൾ പ്രവർത്തിക്കുന്ന ദിവസങ്ങളിൽ അംഗങ്ങൾക്ക് 750 രൂപ നൽകേണ്ടതാണ്, എന്നാൽ 300 രൂപ മാത്രമാണ് നൽകിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13 11-9-23ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഹരിതകർമ്മസേനാംഗങ്ങൾ നിലവിൽ എല്ലാ ദിവസവും ഖരമാലിന്യ ശേഖരണത്തിന് പേകുന്നുണ്ടെന്നും ലഭിക്കുന്ന യൂസർ ഫീയുടെ 10 ശതമാനം തുക കൺസോർഷ്യം അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം ബാക്കിയുള്ള തുകയും, വയബിലിറ്റി ഗ്യാപ്പ് ഫണ്ടും ചേർത്ത തുകയാണ് 300 രൂപ നിരക്കിൽ അംഗങ്ങൾക്ക് നൽകുന്നതെന്നും, പഞ്ചായത്തിൽ നിലവിലുള്ള 9623 വീടുകളിൽ ഏതാണ്ട് 8925ൽ താഴെ വീടുകളാണ് നിലവിൽ സഹകരിക്കുന്നതെന്നും, ആകെയുള്ള 569 കടകളിൽ നിന്ന് യൂസർ ഫീ ലഭ്യമാകുന്നുണ്ടെന്നും വ്യാപാരസ്ഥാപനങ്ങൾ വേണ്ടതുപോലെ സഹകരിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും എല്ലാ മാസവും യൂസർ ഫീ നൽകുന്നതിന് വിമുഖത കാണിക്കുന്നതിനാൽ വേണ്ടത്ര തുക ലഭ്യമാകുന്നില്ലായെന്നും തൻമൂലം ഉത്തരവ് പ്രകാരമുള്ള വേതനം നൽകാൻ സാധിക്കുന്നില്ലായെന്നുമാണറിയിച്ചിരിക്കുന്നത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ വേണ്ടവിധം സഹകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി നോട്ടീസ് വിതരണം നൽകൽ, പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾക്ക് ഹരിതകർമ്മ സേന യൂസർഫീ കാർഡ് നിർബന്ധമാക്കൽ, ഗ്രാമസഭയിൽ പ്രസ്‌തുത വിഷയം അജണ്ടയാക്കി മാലിന്യ സംസ്കരണത്തെ കുറിച്ച് അവബോധംസൃഷ്ടിക്കൽ, മാലിന്യ സംസ്കരണത്തെകുറിച്ച് കുട്ടികൾക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കൽ തുടങ്ങിയ നിലവിൽ തുടർന്ന് വരുന്ന പ്രവർത്തികൾ തുടരേണ്ടതും, പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുകയോ, പ്ലാസ്റ്റിക്ക് തുടങ്ങിയ വസ്തുക്കൾ കത്തിക്കുകയോ ചെയ്യുന്നവർക്കെതിരെ നിയമാനുസൃതമായ നടപടികൾ

സ്വീകരിക്കേണ്ടതുമാണ്. യൂസർ ഫീ കളക്ഷൻ കാര്യക്ഷമമാക്കിയാൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ വരുന്ന ചെലവ് ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

### 1-24 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -ഗുണഭോക്തൃ വിഹിതം രശീതി നൽകാതെ പിരിച്ചെടുത്ത് അടവാക്കി.

കൃഷി ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്റ്റ് പ്രകാരമുള്ള ഗുണഭോക്തൃവിഹിതം രസീതി നൽകാതെ പിരിച്ചെടുത്ത് അടവാക്കി. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നമ്പർ - 181/22-23 ഗ്രാഫ്റ്റ്/ ഒരു കോടി ഫലവൃക്ഷതൈ വിതരണം വികസന ഫണ്ട് ഉപയോഗിച്ച്, കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും, അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ മണ്ണുത്തി, വാഴ ഗവേഷണ കേന്ദ്രം കണ്ണാറ എന്നീ സ്ഥാപനങ്ങളിൽ നിന്നും ടിഷ്യൂ കൾച്ചർ വാഴ, റംമ്പൂട്ടാൻ, പ്ലാവ്, മാവ് തൈകൾ എന്നിവ 1,50,000/-രൂപയ്ക്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം തൈകളുടെ വിലയുടെ 25% ഗുണഭോക്താവ് നേരിട്ട് വഹിക്കണം. ഗുണഭോക്തൃ വിഹിതമായ 27975/-രൂപ രശീതി പ്രകാരം പിരിച്ചെടുക്കാതെ നേരിട്ട് പിരിച്ചെടുത്ത് രസീതി നം.1220104470/ ജി.080103 പ്രകാരം 16.01.2023 ന് ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ അടവാക്കിയിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതം രശീതി പ്രകാരം പിരിച്ചെടുക്കാതെ നേരിട്ട് പിരിച്ചെടുത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (18/12.09.23)ന് ലഭ്യമാക്കിയ മറുപടി പ്രകാരം വ്യക്തിഗത രസീത് നൽകണമെന്ന കാര്യം അറിവില്ലാത്തതിനാലാണ് അപാകത സംഭവിച്ചതെന്നാണ് മേലിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കുകയില്ലെന്നും അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 20 പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന എല്ലാ പണം വരവുകൾക്കും രസീത് നൽകേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിന് ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ച് കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീതി നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

കൂടാതെ മേൽ പദ്ധതി നടപ്പാക്കുമ്പോൾ 15/7/21 ലെ സ.ഉ.നം 594/2021 /അഗ്രി. 6 പ്രകാരം പതിവ് രീതിയിലുള്ള വൃക്ഷതൈ വിതരണത്തിന് പകരം പൊതു സ്ഥലങ്ങളിലോ, സ്വകാര്യ സ്ഥലങ്ങളിലോ പച്ചതുരുത്തുകൾ ബഹുജനപങ്കാളിത്തതോടെ സൃഷ്ടിക്കുന്ന പദ്ധതിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പച്ചതുരുത്തുകൾ നിർമിക്കാനനുയോജ്യമായ സ്ഥലം മാപ്പത്തോൺ വഴി കണ്ടെത്തി സർക്കാർ ഉത്തരവിനനുസൃതമായി പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-25 തരിശ് നെൽകൃഷി വികസനം -ഗുണഭേക്തൃ വിഹിതം പൂർണമായി വിതരണം ചെയ്തിട്ടില്ല.

കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്റ്റ് നമ്പർ - 169/22- 23 സുഭിക്ഷ കേരളം -തരിശ് നെൽകൃഷി വികസനം പദ്ധതി പ്രകാരം തരിശ് കൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 35,000 രൂപയും ഭൂവുടമക്ക് 5,000 രൂപയും സബ്സിഡി നൽകുന്നു. ആയതിൻ പ്രകാരം 8 കർഷകർ 21 ഭൂവുമകളുടെ 8.37 ഹെക്ടർ സ്ഥലത്ത് തരിശ് കൃഷി നടത്തിയ വകയിൽ 2,93,120 രൂപയും, രേഖകൾ ഹാജരാക്കിയ 5 ഭൂവുടമകൾക്ക് 6880 രൂപയും ചേർത്ത് ആകെ 3,00,000 രൂപ നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 16 ഭൂവടമകൾ സബ്സിഡി ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന ബോധ്യപ്പെട്ടു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (10/11.09.23) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തരുന്നതിന് വിസ്സമ്മതം പ്രകടിപ്പിച്ചതു മൂലമാണ് തുക നൽകാതിരുന്നതെന്നാണ് പറയുന്നത്, ടി ഇനത്തിൽ 34,970 ഇനിയും വിതരണം ചെയ്യാനുള്ളതായി കാണുന്നു. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ഭൂവുടമകളുടെ സമ്മതപത്രത്തോടൊപ്പം അകൗണ്ട് വിവരങ്ങളും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. ആനുകൂല്യം ആവശ്യമില്ലാത്തവരിൽ നിന്ന് ആയതിന്റെ സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

### 1-26 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

